(ഇ) ആരാധനാലയങ്ങളുടെ ദൂരപരിധി ഇവയുടെ കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ടോ ?

ഉത്തരം

(എ) പുതിയ മദ്യ നയം പ്രഖ്യാപിച്ച ശേഷം 688 ബിയർ-വൈൻ പാർലറുകൾ തുടങ്ങിയിട്ടുണ്ട്.

(ബി) ബാറുകളിൽ ഭക്ഷണത്തോടൊപ്പം എല്ലായിനത്തിൽപ്പെട്ട വിദേശ മദ്യങ്ങളും വിൽപന നടത്താവുന്നതാണ്. എന്നാൽ ബിയർ-വൈൻ പാർലറുകളിൽ ഭക്ഷണത്തോടൊപ്പം ബിയറും വൈനും മാത്രമേ വിൽപന നടത്താവൂ.

(സി) നിലവിൽ ബാർ ലൈസൻസുകൾ പഞ്ചനക്ഷത്രവും അതിനുമുകളിലും നക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്കുമാത്രമേ അനുവദിക്കുകയുള്ളൂ. ബിയർ-വൈൻ പാർലറുകൾ 3 നക്ഷത്ര പദവി മുതൽ മുകളിലോട്ട് പദവിയുള്ള ഹോട്ടലുകൾക്കും വിനോദ സഞ്ചാര മേഖലയായി നികുതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ സംസ്ഥാന ടൂറിസം വകുപ്പിന്റെ ക്ലാസിഫൈഡ് റസ്റ്റോറന്റ് സർട്ടിഫിക്കറ്റ് ഉള്ള ഹോട്ടലുകൾക്കും മാത്രമേ പുതുതായി അനുവദിക്കുകയുള്ളൂ. ഒബ്സർവേഷണബിൾ സൈറ്റിൽ നിന്നുള്ള ദൂരപരിധി തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള നിരാക്ഷേപപത്രം തുടങ്ങിയ നിയന്ത്രണങ്ങൾ ബാർ ഹോട്ടലുകൾക്കും ബിയർ-വൈൻ പാർലറുകൾക്കും ബാധകമാണ്.

(ഡി) ബിയർ-വൈൻ പാർലറുകളിൽ നിന്നും ബിയറും വൈനും വാങ്ങാൻ കുറഞ്ഞത് 21 വയസ്സ് പ്രായം വേണമെന്നാണ് നിലവിലുള്ള നിയമം.

(ഇ) ആരാധനാലയങ്ങളിൽ നിന്നുള്ള ദൂരപരിധി ബിയർ-വൈൻ പാർലറുകൾ അനുവദിക്കുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതുണ്ട്.

അബ്കാരി കുടിശ്ശിക

79 (4413) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അബ്കാരി കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി നിൽപുണ്ടോ ; ഇതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഡിസ്റ്റലറികൾ, ബ്ലെൻഡിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ തുടങ്ങിയവയിൽനിന്ന് ലഭിക്കുവാനുള്ള കുടിശ്ശിക നിലവിൽ എത്രയെന്നറിയിക്കുമോ ;

(സി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ഈ സർക്കാർ അബ്കാരികൾക്ക് നൽകിയ ആനുകൂല്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. അബ്കാരി കുടിശ്ശിക ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 21-4-2015-ലെ സ.ഉ.(കൈ) നമ്പർ 64/2015 പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 30-6-2015-ലെ കണക്കുകൾ പ്രകാരം ഡിസ്റ്റിലറികൾ, ബ്ലെന്റിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ, കെ.എസ്.ബി.സി. (എഫ്.എൽ.9) വെയർ ഹൗസുകൾ തുടങ്ങിയവയിൽ നിന്ന് മുതൽ ഇനത്തിൽ 4,22,16,588 രൂപയും പലിശ ഇനത്തിൽ 5,30,37,083 രൂപയും ഉൾപ്പടെ ആകെ 9,52,53,671 രൂപ കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്.

(സി) 21-4-2015-ലെ സ.ഉ.(കൈ) നമ്പർ 64/15 ഉത്തരവ് പ്രകാരം സർക്കാർ പുനഃസ്ഥാപിച്ച ആംനസ്റ്റി സ്കീം അനുസരിച്ച് 11,38,843 രൂപ കുടിശ്ശികയിലേക്ക് അടവു വരുകയും 1,01,77,912 രൂപ അബ്കാരി കുടിശ്ശിക അടച്ചുതീർത്തവർക്ക് ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ ഫയൽ ട്രാക്കിംഗ് സംവിധാനം

80 (4414) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഫയൽ ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത് ; ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly